**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1040** **09-10-2024 - ൽ മറുപടിയ്ക്ക്**

**ആനിക്കാട്-കോട്ടാങ്ങൽ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യൂ ടി. തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആനിക്കാട്, കോട്ടാങ്ങൽ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി എത്ര ഘട്ടമായി പൂർത്തായാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മല്ലപ്പള്ളി, ആനിക്കാട് കോട്ടാങ്ങൽ പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി രണ്ട് ഘട്ടങ്ങളായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടം സ്റ്റേറ്റ് പ്ലാനിൽ ആണ് ഉൾപെടുത്തിയിട്ടുള്ളത്. മല്ലപ്പള്ളിയിലെ ജല ശുദ്ധീകരണശാല, ഇൻടേക്ക് പമ്പ്ഹൗസ്, വിവിധ ജല സംഭരണികൾ, റോ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, ട്രാൻസ്ഫോർമർ, പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കൽ തുടങ്ങിയവ ഒന്നാം ഘട്ടത്തിൽ ഉൾപെടുത്തിയിട്ടുള്ളത്. രണ്ടാംഘട്ട പ്രവൃത്തികൾ ജല ജീവൻ മിഷൻ പദ്ധതിയിൽ കോട്ടാങ്ങൽ സ്ഥാപിക്കുന്ന 3 ദശലക്ഷം സംഭരണ ശേഷിയുള്ള ശുദ്ധീകരണശാല, 2 ലക്ഷം ലിറ്റർ ശേഷിയുള്ള പമ്പിങ് മെയിൻ, പൈപ്പ് ലൈനുകൾ എന്നിവ ഉൾപ്പെട്ടുത്തിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിയുടെ പൂർത്തീകരണത്തിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ഒന്നാം ഘട്ടത്തിലെ സ്റ്റേറ്റ് പ്ലാൻ പ്രവൃത്തികളിൽ ജലശുദ്ധീകരണശാല, ഇൻ ടേക്ക് പമ്പ്ഹൗസ്, വിവിധ ജല സംഭരണികൾ എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ട്രാൻസ്ഫോർമർ, പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. റോ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി ആദ്യ കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ ചെയ്യുന്നതിനുള്ള ടെൻഡർ നടപടികൾ തുടങ്ങിയെങ്കിലും കരാറുകാരൻ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയിലെ കോടതി ഉത്തരവു മൂലം തുടർ നടപടികൾ തടസ്സപ്പെട്ടു. കോടതി ഉത്തരവുമൂലം വന്ന തടസ്സം നീക്കി കിട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തിയ രണ്ടാം ഘട്ട പദ്ധതികളിലെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ 80% പൂർത്തീകരിച്ചു. കോട്ടാങ്ങൽ പഞ്ചായത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന 3 |

| | | | |
|---|---|---|---|
| | | | ദശലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജല ശുദ്ധീകരണശാല, 2 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജല സംഭരണി, പമ്പിങ് മെയിൻ എന്നീ പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ